©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, വെള്ളി<br>Thiruvananthapuram, Friday | 2018 നവംബർ 16<br>16th November 2018<br>1194 തുലാം 30<br>30th Thulam 1194<br>1940 കാർത്തികം 25<br>25th Karthika 1940 | നമ്പർ<br>No. 2850 |

## കേരള സർക്കാർ

നിയമ (ഇ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടിച്ചത്) നമ്പർ 12/2018/നിയമം. *തിരുവനന്തപുരം, 2018 നവംബർ 16 / 1194 തുലാം 30 / 1940 കാർത്തികം 25.*

**എസ്. ആർ. ഒ. നമ്പർ 807/2018.**—1954-ലെ പ്രത്യേക വിവാഹ ആക്റ്റിലെ (1954-ലെ 43-ാം കേന്ദ്ര ആക്റ്റ്) 50-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 1958 ജനുവരി 15-ാം തീയതിയിലെ ഡി.ഡിസ്.15676/57/ഇ.എച്ച്.ഡി. പ്രകാരം പുറപ്പെടുവിച്ചതും 1958 ഫെബ്രുവരി 4-ാം തീയതിയിലെ 5-ാം നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന് താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.
33/4231/2018/S-26.

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.— ഈ ചട്ടങ്ങൾക്ക് 2018-ലെ കേരള പ്രത്യേക വിവാഹ (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

2. ചട്ടങ്ങളുടെ ഭേദഗതി.—1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിൽ, 10-ാം ചട്ടത്തിൽ (i) മുതൽ (ix) വരെയുള്ള ഇനങ്ങൾക്കും അവയ്ക്ക് എതിരെയുള്ള ഉൾക്കുറിപ്പുകൾക്കും പകരം ഇനി പറയുന്ന ഇനങ്ങളും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

| | | രൂപ | പൈസ |
|---|---|---|---|
| "(i) | ഉദ്ദിഷ്ട വിവാഹത്തെ സംബന്ധിച്ച നോട്ടീസ് അല്ലെങ്കിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ (വിവാഹത്തിൽ ഏർപ്പെടുന്ന കക്ഷികൾ നൽകേണ്ടത്) | 105 | 00 |
| (ii) | ആക്ഷേപം രേഖപ്പെടുത്തുന്നതിന് (ആക്ഷേപം ഉന്നയിക്കുന്ന ആൾ നൽകേണ്ടത്) | 105 | 00 |
| (iii) | ആക്ഷേപത്തിന്മേലുള്ള ഒരു അന്വേഷണത്തിന് (ആക്ഷേപം ഉന്നയിക്കുന്ന ആൾ നൽകേണ്ടത്) | 525 | 00 |
| (iv) | സാക്ഷി ഹാജരാകുന്നതിനോ തെളിവ് നൽകുന്നതിനോ രേഖ ഹാജരാക്കുന്നതിനോ ഉള്ള ഓരോ നോട്ടീസിനും അല്ലെങ്കിൽ സമൻസിനും (ആക്ഷേപം ഉന്നയിക്കുന്ന ആൾ നൽകേണ്ടത്) | 105 | 00 |
| (v) | വിവാഹം നടത്തുന്നതിനോ രജിസ്റ്റർ ചെയ്യുന്നതിനോ (വിവാഹത്തിൽ ഏർപ്പെടുന്ന കക്ഷികൾ നൽകേണ്ടത്) | 1050 | 00 |
| (vi) | ഒരു ഉൾക്കുറിപ്പിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പിന്— | | |
| | (എ) ഒരു വിവാഹ നോട്ടീസ് ബുക്കിലെ ആക്ഷേപവുമായി ബന്ധപ്പെട്ട ഉൾക്കുറിപ്പല്ലാതെയുള്ളത്, | | |
| | അല്ലെങ്കിൽ | | |
| | (ബി) വിവാഹ സാക്ഷ്യപത്ര ബുക്കിലുള്ളത് (അപേക്ഷകൻ നൽകേണ്ടത്) | 105 | 00 |

| | | രൂപ പൈസ |
|---|---|---|
| (vii) | നോട്ടീസോ ഇതുവരെ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത മറ്റ് ഏതെങ്കിലും നടപടികളോ അല്ലാതെയുള്ള, വിവാഹ നോട്ടീസ് ബുക്കിലെ ഉൾക്കുറിപ്പിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പിന് (അപേക്ഷകൻ നൽകേണ്ടത്) | 105 00 |
| (viii) | വിവാഹ ഉദ്യോഗസ്ഥന്റെ ഓഫീസിന് പുറത്തുള്ള ഏതെങ്കിലും സ്ഥലത്ത് വിവാഹം നടത്തുന്നതിന് (v)-ാം ഉൾക്കുറുപ്പിലെ ഫീസിന് പുറമേ (വിവാഹത്തിൽ ഏർപ്പെടുന്ന കക്ഷികൾ നൽകേണ്ടത്) | 1050 00 |

കുറിപ്പ്:—വിവാഹ ഉദ്യോഗസ്ഥന് ഈ ഫീസ് വിനിയോഗിക്കാവുന്നതാണ്. എന്നാൽ ഇതിനു പുറമേ യാതൊരു യാത്രാബത്തയ്ക്കും അവകാശ വാദമുന്നയിക്കുവാൻ പാടുള്ളതല്ല.

| | | |
|---|---|---|
| (ix) | തിരച്ചിൽ നടത്തുന്നതിന് (അപേക്ഷകൻ നൽകേണ്ടത്)— | |
| | (എ) ഉൾക്കുറിപ്പ് നടപ്പുവർഷത്തിലുള്ളതാണെങ്കിൽ | 105 00 |
| | (ബി) ഉൾക്കുറിപ്പ് ഏതെങ്കിലും മുൻവർഷത്തെയോ വർഷങ്ങളിലെയോ ആണെങ്കിൽ, (അപ്രകാരമുള്ള ഓരോ വർഷത്തിനും) | 105 00". |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,

*നിയമ വകുപ്പ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിലെ 10-ാം ചട്ടപ്രകാരം വിവാഹ ഉദ്യോഗസ്ഥൻ വസൂലാക്കേണ്ട ഫീസ് വർദ്ധിപ്പിക്കണമെന്ന് 2018 മാർച്ച് 26-ാം തീയതിയിലെ ഐ. ജി. ആർ./2259/2018-ആർ.ആർ.9 എന്ന നമ്പരിലെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പ്രസ്തുത ഫീസ് വർദ്ധിപ്പിക്കുന്നതിനും അതിനനുസൃതമായി 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിലെ 10-ാം ചട്ടം ഭേദഗതി ചെയ്യുന്നതിനും തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

## GOVERNMENT OF KERALA

**Law (E) Department**

NOTIFICATION

G. O. (P) No. 12/2018/Law.

*Dated, Thiruvananthapuram,* *16th November, 2018* / *30th Thulam, 1194* / *25th Karthika, 1940.*

**S.R.O. No. 807/2018.**— In exercise of the powers conferred by section 50 of the Special Marriage Act, 1954 (Central Act 43 of 1954) the Government of Kerala, hereby make the following rules further to amend the Kerala Special Marriage Rules, 1958 issued under D.Dis. 15676/57/EHD dated the 15th January, 1958 and published in the Kerala Gazette No.5 dated the 4th February, 1958, namely:—